(ബി) ഈ കാലയളവിൽ കേന്ദ്ര സഹായമായി ലഭിച്ച തുക എത്ര;

(സി) ഇതിൽ എൻ. സി. ഡി. സി യുടെ സഹായമായി ലഭിച്ച തുക എത്ര?

ഉത്തരം

(എ) 56,67,960 രൂപ.

(ബി) 9,54,000 രൂപ.

(സി) 38,63,500 രൂപ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

II സ്പീക്കറുടെ പ്രസ്താവന

(1) ഇൻഡ്യ സന്ദർശിക്കുന്ന സോവിയറ്റ് നേതാവ് മിഖായേൽ ഗോർബച്ചേവിന് അഭിവാദ്യങ്ങൾ

മി. സ്പീക്കർ : ഹൃദയം നിറഞ്ഞ സൗഹൃദവുമായി സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽസെക്രട്ടറിയും, സോവിയറ്റ് യൂണിയന്റെ പരമോന്നത നേതാവുമായ ശ്രീ. മിഖായേൽ ഗോർബച്ചേവ് നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇൻഡ്യയിൽ എത്തുകയാണ്. വർഷങ്ങളായി വളർന്ന് പുഷ്ടി പ്രാപിച്ച ഇൻഡോ-സോവിയറ്റ് സൗഹൃദം കൂടുതൽ ഭദ്രമാക്കിട്ടുറപ്പിക്കാൻ ശ്രീ. ഗോർബച്ചേവിന്റെ സന്ദർശനം സഹായകരമായിത്തീരുമെന്നുള്ളതിൽ സംശയമില്ല. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രാഷ്ട്രാന്തരസഹകരണത്തിന്റെയും പ്രകാശദീപവുമായി ഭാരതമണ്ണിലെത്തുന്ന ശ്രീ. മിഖായേൽ ഗോർബച്ചേവിന്റെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉറ്റ ബന്ധത്തിന് പുതിയ മാനങ്ങൾ കണ്ടെത്തും. ലോകസമാധാനത്തിനും ലോകരാഷ്ട്രങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കും നിരായുധീകരണത്തിനും നമ്മുടെ പ്രിയങ്കരനായ പ്രധാനമന്ത്രി ശ്രീ രാജീവ് ഗാന്ധിയും സോവിയറ്റ് നേതാവും തമ്മിലുള്ള സമ്മേളനം പുതിയ മേഖലകൾ കണ്ടെത്തുമെന്നും, അവരുടെ ശ്രമങ്ങൾ വിജയസോപാനത്തിൽ എത്തിച്ചേരുമെന്നും പ്രത്യാശിച്ചുകൊണ്ട് നമുക്ക് അദ്ദേഹത്തിന് അഭിവാദനങ്ങളർപ്പിക്കാം.

(2) ശ്രീ. ജി. കാർത്തികേയൻ എം. എൽ. എ. യുടെ പരാമർശത്തെ സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നലെ സഭാ നടപടികൾ ഇടയ്ക്ക് നിർത്തിവച്ച് ചെയർ ചേമ്പറിലേക്ക് പോകുന്ന സന്ദർഭത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ചില പരാമർശനങ്ങൾ ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. കാർത്തികേയന്റെ ഭാഗത്തുനിന്നും ഉണ്ടായതായി ബഹുമാനപ്പെട്ട പല അംഗങ്ങളും ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മാന്യതയുള്ള ആരിൽനിന്നും പ്രതീക്ഷിക്കാവുന്ന പദപ്രയോഗങ്ങളല്ല അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ ആ പദപ്രയോഗങ്ങൾ അങ്ങേയറ്റം അപലപനീയമാണ്, അനുചിതമായിപ്പോയി!

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട ചെയറിനോടും, ആ സ്ഥാനത്തിരിക്കുന്ന ആളിനോടും ഈ സഭയിലെ ഒരംഗം എന്നുള്ള നിലയിൽ എല്ലാ സന്ദർഭങ്ങളിലും പരിപൂർണ്ണമായ ആദരവ് കാണിച്ചുകൊണ്ടിരിക്കുന്ന ഒരു പൊതുപ്രവർത്തകനും, നിയമസഭാംഗവുമാണ് ഞാൻ. ഞാൻ അങ്ങയെക്കുറിച്ചോ, ഈ ചെയറിനെക്കുറിച്ചോ അങ്ങ് പറഞ്ഞ രീതിയിൽ ഒന്നും പറഞ്ഞിട്ടില്ല. അങ്ങയുടെ പരാമർശനത്തിൽ എനിക്ക് ഖേദമുണ്ട്.

മി. സ്പീക്കർ : അങ്ങ് എന്താണ് പറഞ്ഞത് എന്നുള്ളത് ചെയറിന് അറിയാം. ഏതായാലും വിശദീകരണം വേണ്ട, ഈ വികാരം, അങ്ങേക്ക് എപ്പോഴും ഉണ്ടായിരിക്കട്ടെ.

ശ്രീ. ഇ. കെ. നായനാർ : ഞങ്ങളം പ്രമേയം അവതരിപ്പിച്ചതാണ്. അതിനെ സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞത് സത്യവിരുദ്ധമായിരുന്നു. ഇന്നലെ വിശദീകരണം തന്നെ കോർട്ടിൽ കൊടുത്തിരുന്നില്ല. അതുകൊണ്ട് അതിനെ സംബന്ധിച്ച് ഒരു റൂളിംഗ് തരണം. തീർച്ചയായും ഞങ്ങളം ഉന്നയിച്ച അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് സ്പീക്കർ മാറി വെയ്ക്കുകയാണ് ചെയ്തത്. അതിനെ സംബന്ധിച്ച് റൂളിംഗ് തരണം. ഞങ്ങളം അതിൽത്തന്നെ മുഖ്യമന്ത്രിയും, ശ്രീ. ബാലകൃഷ്ണപിള്ളയും രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായും അടിയന്തിര പ്രമേയം എടുക്കണം.

മി. സ്പീക്കർ : ഇന്നലെ ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നം സംബന്ധിച്ച് വളരെ വിശദമായ പരിശോധന ആവശ്യമാണ്. അതുകൊണ്ട് അതിനെക്കുറിച്ച് ഇപ്പോൾ പറയാൻ കഴിയുകയില്ല. പിന്നീടേ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. എ. വി. താമരാക്ഷൻ: ഞാൻ റൂൾ 50, 51 അനുസരിച്ച് ഇവിടെ ഇന്ന് ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. അത് അവതിപ്പിക്കാനുള്ള അവസരം തരണം. ഇന്ന് ഞങ്ങളം ഇവിടെ കോടതിയെ സംബന്ധിക്കുന്ന ഒരു കാര്യവും പറഞ്ഞിട്ടില്ല. ഇവിടെ സത്യപ്രതിജ്ഞാലംഘനം നടത്തിയ ഒരു മന്ത്രി അധികാരത്തിലിരിക്കുന്നതുവഴി സംസ്ഥാനത്തുളവായിരിക്കുന്ന ഗുരുതരമായ സ്ഥിതി വിശദീകരിക്കുന്നതിനുവേണ്ടി സഭാനടപടികളം നിറുത്തിവച്ചുകൊണ്ട് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞങ്ങളം അടിയന്തിരപ്രമേയം നൽകിയിരിക്കുന്നത്. അതോടൊപ്പംതന്നെ നമ്മുടെ ഭരണഘടനയുടെ 188, 191, 192 വകുപ്പുകളം അനുസരിച്ച് —188 അനുസരിച്ച് ഒരു നിയമസഭാംഗം അംഗമായി കഴിഞ്ഞാൽ.....

മി. സ്പീക്കർ : അങ്ങ് ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ റൂൾ 58 അനുസരിച്ചാണ്.

ശ്രീ. എ.വി. താമരാക്ഷൻ : ഞാൻ ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് തന്നിരിക്കുകയാണ്. അതിൽ കോടതിയെ പരാമർശിച്ച് ഞങ്ങളം ഒന്നും പറഞ്ഞിട്ടില്ല.

മി. സ്പീക്കർ : അടിയന്തിരപ്രമേയത്തിന്റെ അഡ്മിസിബിലിറ്റിയെ സംബന്ധിച്ചാണ് ഇവിടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്. ആ പോയിന്റ് ഓഫ് ഓർഡർ സംബന്ധിച്ച തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്; ഇതുവരെ തീരുമാനമെടുത്തിട്ടില്ല. അതുകൊണ്ട് ആ തീരുമാനമെടുക്കാതെ അത് സംബന്ധിച്ച് പ്രൊസീഡ് ചെയ്യാൻ കഴിയില്ല. There is no point of order.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : ഇന്നലെ ഇതിനെ സംബന്ധിച്ച് അടിയന്തിര പ്രമേയം അവതരിപ്പിച്ചപ്പോൾ പരിശോധിക്കണമെന്നു പറഞ്ഞത് ഞങ്ങൾക്ക് മനസ്സിലായി. വിധിയുടെ പകർപ്പ് ബഹുമാനപ്പെട്ട സ്പീക്കർ കണ്ടില്ലായിരിക്കാം; പക്ഷേ ഇനിയും റൂളിംഗ് നൽകാതെ നീട്ടിക്കൊണ്ടു പോകുകയെന്നു പറഞ്ഞാൽ അത് ഞങ്ങളുടെ അവകാശത്തെ നിഷേധിക്കുന്നതിനു തുല്യമാണ്. അതുകൊണ്ട് ആ നിലപാട് ഞങ്ങൾക്ക് സ്വീകരിക്കാൻ കഴിയുകയില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇന്നലെ കോടതിയിൽ നിന്ന് അൺനമ്പേർഡ് ജഡ്ജ്മെൻറാണ് വന്നത്. കോടതിയിൽ നമ്പർപോലും ചെയ്തിട്ടില്ല. അതിനാൽ ചർച്ച അനുവദിക്കേണ്ടതാണ്. ഇത് സബ് ജുഡീസല്ല.

ശ്രീ. കെ. പി. പ്രഭാകരൻ : കോടതിയിൽ ഒരു അപ്പീൽ പോലും ഇതുവരെ സ്വീകരിച്ചിട്ടില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ഞങ്ങൾ ഇന്നലെ പറഞ്ഞത് ശരിയാണെന്ന് സ്ഥാപിച്ചിരിക്കുകയാണ്. ഇനി ഇത് അടിസ്ഥാന രഹിതമായി നീട്ടിക്കൊണ്ടുപോകാൻ സാധിക്കുകയില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇത് ഗവൺമെൻറിനെ രക്ഷിക്കാനാണ് സർ, അങ്ങയുടെ നടപടിയെ ചോദ്യംചെയ്യേണ്ടിവരും. ഗവൺമെൻറിനെ രക്ഷിക്കാനില്ലെങ്കിൽ പിന്നെയെന്താണ്?

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : ഇതു സംബന്ധിച്ച് ഇന്നലെ ലോകസഭയിൽ സബ്ജുഡീസാണെന്നുള്ള റൂളിംഗ് ഉള്ള വിവരം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇത് പരിശോധിച്ച് ചെയ്യേണ്ടതാണ്. .....ബഹളം..... അതുപോലെ തന്നെ ബഹുമാനപ്പെട്ട ജി. കാർത്തികേയന്റെ കാര്യത്തിൽ അദ്ദേഹത്തിന്റെ വിശദീകരണം കേട്ടതിനുശേഷമേ അന്തിമമായ ഒരു തീരുമാനം എടുക്കാവൂ എന്നാണ് എനിക്ക് Submit ചെയ്യാനുള്ളത്.....ബഹളം....

മി. സ്പീക്കർ : That is out of question. ഇത്തരം പരാമർശനങ്ങൾ ഒരു കാരണവശാലും ചർച്ചാവിഷയമല്ല, തന്നെയുമല്ല ഇത്തരം പരാമർശനങ്ങൾ ഉണ്ടായപ്പോൾ യാതൊരു വികാരവും ആരും പ്രകടിപ്പിച്ചില്ല എന്നുള്ളതിൽ ചെയറിന് വേദനയുണ്ട്.

ശ്രീ. ബേബിജോൺ : ഒരു വാക്ക് പറയാൻ അനുവദിക്കണം. ഇന്നലെ ഇതു സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ നടന്നു. അപ്പോൾ ഇത് സംബന്ധിച്ചുള്ള റൂളിംഗ് ഇന്നത്തേക്ക് മാറ്റിവച്ചു. ഇന്നലെ വാദപ്രതിവാദത്തിനിടയ്ക്ക് നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത് അപ്പീൽ കൊടുത്തിരിക്കുന്നു എന്നാണ്. അങ്ങനെ അങ്ങയേയും ഈ സഭയേയും തെറ്റിദ്ധരിപ്പിക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്. അപ്പീൽ കൊടുത്തിട്ടില്ല, സഭയിൽ കള്ളം പറഞ്ഞിരിക്കുന്നു..... ബഹളം.....

ശ്രീ. കെ. കരുണാകരൻ: അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ ഗവൺമെൻറ് ലോകസഭാ സ്പീക്കറെപോലും തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. ബഹളം..... (അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ട് ഉന്നയിച്ചിരുന്ന ക്രമപ്രശ്നത്തിന്മേൽ റൂളിംഗ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സ്പീക്കറുടെ ഡയസിനു മുമ്പിലുള്ള ഭാഗത്തു വന്നുനിന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തി)